No: 25/2015

ദൈവകൃപയാൽ
കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ
ഡോ. തോമസ് അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന്

നമ്മുടെ...........................................................................................................

ഓർത്തഡോക്സ് സുറിയാനിപള്ളിയിലെ ബ. വികാരിയും സഹവൈദികരും, കൈക്കാരന്മാരും, മാനേജിംഗ് കമ്മറ്റിയംഗങ്ങളും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യവാന്മാർക്ക് കർത്താവിൽ വാഴ്വ്.

പ്രിയരെ, സസ്നേഹം അറിയിക്കുന്നത് :

നമ്മുടെ ഭദ്രാസനത്തിന്റെ 2014-2015 ലെ വാർഷിക പള്ളി പ്രതിനിധിയോഗം 1934-ലെ മലങ്കര സഭാ ഭരണഘടനപ്രകാരം 2015 നവംബർ 10-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് മൂവാറ്റുപുഴ അരമനപ്പള്ളിയിൽ നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് ആലോചിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ, ആ പള്ളിയെ പ്രതിനിധീകരിച്ച് ഒരു പട്ടക്കാരനും സുപ്രീംകോടതി വിധിയിൽ പറയുന്ന പ്രകാരം ആ പള്ളിയുടെ അംഗസംഖ്യക്ക് അനുസരിച്ച് തിരഞ്ഞെടുത്തിട്ടുള്ള ഭദ്രാസന പൊതുയോഗത്തിലേക്കുള്ള ആത്മായ പ്രതിനിധികളും പള്ളി ചെലവിൽ വന്ന് സംബന്ധിക്കണമെന്ന് അറിയിക്കുന്നു. ഇവിടെ നിന്ന് അയച്ചു തരുന്ന അധികാരപത്രത്തിൽ പ്രതിനിധികളുടെ പേര് ചേർത്ത് വികാരി ഒപ്പും പള്ളിയുടെ സീലും വച്ച് യോഗത്തിന് മുമ്പായി രജിസ്ട്രേഷൻ കൗണ്ടറിൽ ഏൽപ്പിച്ച് പ്രതിനിധികൾ രജിസ്റ്ററിൽ ഒപ്പിട്ട്, ബാഡ്ജ് വാങ്ങി ധരിക്കേണ്ടതാണ്. പ്രതിനിധികളെക്കുറിച്ച് തർക്കമുണ്ടായാൽ പ്രത്യേകം നിയോഗിക്കപ്പെട്ടിരിക്കുന്ന ട്രിബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കും. വാർഷിക റിപ്പോർട്ടും കണക്കും ഇതോടൊപ്പം അയച്ചു തരുന്നതാണ്.

അജണ്ട

1. 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള ഭദ്രാസന പ്രവർത്തനറിപ്പോർട്ടും വരവുചെലവു കണക്കും ഓഡിറ്റു റിപ്പോർട്ടും.
2. 2015-2016 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്
3. ചോദ്യങ്ങളും, പ്രമേയങ്ങളും (അദ്ധ്യക്ഷൻ അനുവദിക്കുന്നവ മാത്രം)
4. അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ

നിങ്ങളെല്ലാവരുടെയും ക്ഷേമത്തിനായി പ്രാർത്ഥിക്കുന്നു.
ദൈവം അനുഗ്രഹിക്കട്ടെ
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........

2015 ഒക്ടോബർ 19-ാം തീയതി
മൂവാറ്റുപുഴയിലുള്ള നമ്മുടെ ആസ്ഥാനത്തുനിന്നും

**ഡോ. തോമസ് അത്താനാസിയോസ് മെത്രാപ്പോലീത്ത**

---

N.B. യോഗത്തിലേക്കുള്ള ചോദ്യങ്ങളും, പ്രമേയങ്ങളും നവംബർ 9-ാം തീയതിക്ക് മുമ്പ് ഭദ്രാസന ഓഫീസിൽ എത്തിക്കേണ്ടതാണ്.

# കണ്ടനാട് (ഈസ്റ്റ്) ഭദ്രാസന
# വാർഷിക റിപ്പോർട്ട് 2014-2015

## ആമുഖം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്കും ഓഡിറ്റ് റിപ്പോർട്ടും 2015-2016 വർഷത്തേക്കുള്ള ബജറ്റും 2015 നവംബർ മാസം 11-ാം തീയതി കൂടുന്ന ഭദ്രാസന വാർഷിക പൊതുയോഗത്തിന്റെ പരിഗണനക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

## ഭദ്രാസനപ്പൊതുയോഗ റിപ്പോർട്ട്

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 30/2014-ാം നമ്പർ കല്പന അനുസരിച്ച് ഭദ്രാസനപ്പള്ളി പ്രതിനിധിയോഗം 1934 ലെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടനപ്രകാരം 2014 ഓഗസ്റ്റ് 27 ന് ഉച്ചകഴിഞ്ഞ് 2.30 ന് മൂവാറ്റുപുഴ അരമനപ്പള്ളിയിൽ കൂടി. അഭി. തിരുമേനി അദ്ധ്യക്ഷനായിരുന്നു. ഇടവക പ്രതിനിധികളുടെ രജിസ്ട്രേഷൻ ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിച്ചു. 2.30 ന് യോഗം ആരംഭിച്ചു. പ്രാരംഭ പ്രാർത്ഥനക്കുശേഷം കൊച്ചുപറമ്പിൽ വന്ദ്യ ഗീവറുഗീസ് റമ്പാൻ നോട്ടീസ് കല്പന വായിച്ചു. തുടർന്ന് ഭദ്രാസന സെക്രട്ടറി സ്വാഗതം ആശംസിച്ചു. പരിശുദ്ധ ദിദിമോസ് പ്രഥമൻ വലിയ ബാവായുടെ ദേഹവിയോഗത്തിൽ യോഗം അനുശോചിക്കുകയും പരി. ബാവാതിരുമേനിയുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് ഇടുക്കി സെന്റ് മേരീസ് പള്ളി വികാരി ബഹു. അബി ഉലഹന്നാൻ അച്ചൻ ആമുഖ ധ്യാനം നടത്തി. വി. മത്തായി 5:14 ന്റെ അടിസ്ഥാനത്തിൽ ധ്യാനചിന്തകൾ പങ്കുവച്ച ബഹു. അച്ചൻ ക്രിസ്തുശിഷ്യത്വത്തിന്റെ വിളിയെയും നിയോഗത്തെയും കുറിച്ച് ശക്തമായി ഓർമ്മിപ്പിച്ചു. അപരനുവേണ്ടി ജീവിക്കുകയും ക്രിസ്തുവിനുവേണ്ടി മരിക്കുകയും ചെയ്യാൻ ശിഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന ആഹ്വാനത്തോടെ ബഹു. അച്ചൻ ധ്യാനപ്രസംഗം അവസാനിപ്പിച്ചു. തുടർന്ന് അഭി. തിരുമേനി അദ്ധ്യക്ഷപ്രസംഗം നടത്തി. സമൂഹത്തെയും സഭയെയും സംബന്ധിച്ച് ഈ കാലഘട്ടം അതിജീവനത്തിന്റേതാണ്. പ്രതിസന്ധികളുടെ മധ്യത്തിൽ സഭയ്ക്ക് കരുത്താർജ്ജിക്കാൻ സാധിക്കുന്നില്ലെങ്കിൽ മറ്റ് ഏതെങ്കിലും സംഘടനയെപ്പോലെ സഭയും ആയിപോകും. ഈയൊരു ചാലകത്വം സഭയ്ക്ക് ലഭിക്കുന്നത് തികഞ്ഞ ദൈവാശ്രയത്തിലും സഭാംഗങ്ങൾ തമ്മിൽ അനുഭവിക്കുന്ന ഐക്യം കൊണ്ടുമാണ്. ഭദ്രാസനമായും സഭയായും നിരന്തരം അന്വേഷണത്തിൽ

ഏർപ്പെടേണ്ടത് ഇതിനെല്ലാമാണ്. തലമുറകളെ ശക്തിപ്പെടുത്താനുള്ള ബാദ്ധ്യതയും സഭ ഏറ്റെടുക്കേണ്ടതുണ്ട്. നാം ഇന്ന് അതിജീവിക്കേണ്ട പല മേഖലകളുണ്ട്. സഭാംഗങ്ങൾ സഭാജീവിതത്തിൽ പുലർത്തുന്ന നിർവികാരത സഭയുടെ ഭാവിയെപ്പറ്റിയും വിളിയെപ്പറ്റിയും ദർശനമില്ലായ്ക പ്രബുദ്ധമായ തലമുറകളുടെ അഭാവം ഇതെല്ലാം നാമിന്ന് സുപ്രധാനമായി അതിജീവിക്കേണ്ട യാഥാർത്ഥ്യങ്ങളാണ്. വളരെ പരിമിതികളുടെ മധ്യത്തിലും ഈ ലക്ഷ്യങ്ങളിലേക്കാണ് നാം യാത്രചെയ്യേണ്ടത്. അതിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം എന്ന ആഹ്വാനത്തോടെ അഭി. തിരുമേനി അദ്ധ്യക്ഷപ്രസംഗം അവസാനിപ്പിച്ചു. തുടർന്ന് ഭദ്രാസനത്തിന്റെ വാർഷിക റിപ്പോർട്ട് സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ചു. റിപ്പോർട്ടിന്മേൽ നടന്ന ചർച്ചയിൽ റിപ്പോർട്ട് ബുക്ക് പ്രിന്റ് ചെയ്തതിൽ വന്ന ചില തെറ്റുകൾ അംഗങ്ങൾ ചൂണ്ടിക്കാട്ടിയത് തിരുത്തി രേഖപ്പെടുത്തുവാൻ തീരുമാനിക്കുകയും പ്രൂഫ് വായന കൃത്യമായി നിർവ്വഹിക്കാൻ ശ്രദ്ധിക്കണമെന്നും കഴിയുന്നതും ആഗസ്റ്റ് മാസത്തിന് മുമ്പ് തന്നെ പൊതുയോഗം കൂടാൻ ക്രമീകരണം ചെയ്യണമെന്നുള്ള നിർദ്ദേശങ്ങൾ യോഗത്തിൽ നിന്നുണ്ടായി. ഈ ചർച്ചകൾക്കുശേഷം തെക്കിനേത്ത് ശ്രീ. റ്റി. വി. തോമസ് റിപ്പോർട്ട് പാസ്സാക്കാമെന്ന് അഭിപ്രായപ്പെടുകയും തച്ചേത്ത് ശ്രീ. റ്റി. സി. ഏലിയാസ് പിൻതാങ്ങുകയും ചെയ്തു. റിപ്പോർട്ട് യോഗം പാസ്സാക്കി. തുടർന്ന് ഭദ്രാസനത്തിന്റെ തന്നാണ്ട് വർഷത്തെ വരവ്-ചെലവ് കണക്ക് യോഗത്തിൽ അവതരിപ്പിച്ചു. വാർഷിക കണക്കിനെ സംബന്ധിച്ച് യോഗം വിശദമായി ചർച്ച ചെയ്തു. ബജറ്റിൽ അധികരിച്ച് വന്ന ചെലവ് സംബന്ധിച്ച് പൊതുയോഗം അംഗീകരിച്ച് പാസ്സാക്കേണ്ടതുകൊണ്ട് അതു സംബന്ധിച്ച ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് അടുത്ത വാർഷിക പൊതുയോഗത്തിൽ സമർപ്പിക്കേണ്ടതാണെന്ന് യോഗം നിർദ്ദേശിച്ചു. ഭദ്രാസന ഭോഗം എല്ലാ പള്ളികളിൽ നിന്നും നിർബന്ധമായും പിരിച്ചെടുക്കേണ്ടതാണെന്നും വരും വർഷങ്ങളിൽ ടി തുക കണക്കാക്കി ബജറ്റിൽപ്പെടുത്തേണ്ടതാണെന്നും യോഗം തീരുമാനിച്ചു. ഈ ചർച്ചകളെത്തുടർന്ന് കൊന്നാനാൽ ശ്രീ. രാജു ജോർജ്ജ് കണക്ക് പാസ്സാക്കാമെന്ന് അഭിപ്രായപ്പെടുകയും വെമ്പിള്ളിമറ്റത്തിൽ മനോജ് വി. മാത്യു പിൻതാങ്ങുകയും ചെയ്തു. വാർഷിക കണക്ക് യോഗം പാസ്സാക്കി. 2014-15 വർഷത്തേക്കുള്ള ബജറ്റ് സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ചു. ഇനം തിരിച്ചുള്ള ചർച്ചകൾക്കുശേഷം ഫാ. ജോസ് വെട്ടിക്കുഴി ബജറ്റ് പാസ്സാക്കാമെന്ന് അഭിപ്രായപ്പെടുകയും ചെന്നക്കാട്ട് സി. ഇ. ഗീവർഗ്ഗീസ് പിൻതാങ്ങുകയും ചെയ്തു. 2014-15 വർഷത്തേക്കുള്ള ബജറ്റ് യോഗം പാസ്സാക്കി. ഭദ്രാസന കണക്കുകളുടെ വിശദമായ ഓഡിറ്റിങ് നിർവ്വഹിച്ച ചാർട്ടേഡ് അക്കൗണ്ടന്റ് ശ്രീ. അജിത്ത് പോളിനെ യോഗം അഭിനന്ദിച്ചു.

തുടർന്ന് അംഗങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി. ഭദ്രാസനത്തിലെ വിവിധ ഇടവകകളിലെ വിദ്യാർത്ഥികളിൽ മികവുറ്റ വിജയം വരിക്കുന്നവരെ അനുമോദിക്കാൻ യോഗം തീരുമാനിച്ചു. കൂടാതെ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ് നൽകുന്ന പദ്ധതി കാര്യക്ഷമമായി തുടർന്നും നടപ്പാക്കാൻ യോഗം തീരുമാനിച്ചു.

ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സോഷ്യൽ സർവ്വീസ് സൊസൈറ്റി സംബന്ധിച്ച നിയമാവലി സെക്രട്ടറി യോഗത്തിന്റെ പരിഗണനക്ക് സമർപ്പിച്ചു. തുടർന്ന് നിയമാവലി യോഗത്തിൽ വിശദമായി അവതരിപ്പിക്കാൻ അദ്ധ്യക്ഷൻ സെക്രട്ടറിയോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി യോഗമുമ്പാകെ നിയമാവലി അതരിപ്പിച്ചു. ആയത് ഭദ്രാസന സോഷ്യൽ സർവ്വീസ് സൊസൈറ്റി ആയി നടപ്പിൽ വരുത്താൻ യോഗം തീരുമാനിച്ചു. തുടർന്ന് നിയമാവലി യോഗം അംഗീകരിച്ചു തുടർ നടപടികൾ നിർവ്വഹിക്കാനും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാനും യോഗം ഭദ്രാസന കൗൺസിലിനെ ചുമതലപ്പെടുത്തി.

അഭി. തിരുമേനി ഇടവകപ്രതിനിധികൾക്ക് പ്രത്യേകം നന്ദി പറഞ്ഞു. തുടർന്ന് പ്രാർത്ഥന, ആശീർവാദം എന്നിവയോടെ 4.30 ന് യോഗം പര്യവസാനിച്ചു.

## ഭദ്രാസന കൗൺസിൽ

റിപ്പോർട്ട് വർഷത്തിൽ മൂന്ന് കൗൺസിൽ യോഗങ്ങൾ കൂടുകയുണ്ടായി. 2014 മെയ് 20-ാം തീയതി കൂടിയ കൗൺസിൽ യോഗത്തിൽ ഭദ്രാസനപ്പൊതുയോഗം സംബന്ധിച്ചും അരമന ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം സംബന്ധിച്ചും കത്തീഡ്രൽ ഹാളിന്റെ വാടക വർദ്ധിപ്പിക്കുന്നതു സംബന്ധിച്ചും ഭദ്രാസന ഓഫീസ് ജീവനക്കാരുടെ വേതന വർദ്ധന സംബന്ധിച്ചും ആലോചിച്ച് തീരുമാനങ്ങൾ എടുത്തു. 2014 ജൂലൈ 31-ാം തീയതി കൂടിയ കൗൺസിൽ യോഗത്തിൽ ഭദ്രാസന കണക്കിൽ കൂത്താട്ടുകുളം MIZPA സെന്റർ സംബന്ധിച്ച കണക്ക് ചേർക്കുന്നത് സംബന്ധിച്ചും ഭദ്രാസന സോഷ്യൽ സർവ്വീസ് സൊസൈറ്റി സംബന്ധിച്ചും ഭദ്രാസനത്തിന്റെ ഉടമസ്ഥതയിലുള്ള സെമിത്തേരിയിൽ നിന്ന് കല്ലറ വിറ്റ് വരവ് പണം 6,00,000 രൂപ കത്തീഡ്രൽ നിർമ്മാണ ഫണ്ടിലേക്ക് കടമായി കൊടുക്കുന്നത് സംബന്ധിച്ചും ആലോചിച്ച് തീരുമാനങ്ങൾ എടുത്തു. 2014 ആഗസ്റ്റ് മാസം 27-ാം തീയതി കൂടിയ കൗൺസിൽ യോഗത്തിൽ ഭദ്രാസനപ്പൊതുയോഗത്തിന്റെ ക്രമീകരണങ്ങളെ സംബന്ധിച്ചും ചോദ്യ-ഉത്തരങ്ങൾ സംബന്ധിച്ചും പൊതുയോഗത്തിൽ അവതരിപ്പിക്കേണ്ട പ്രമേയങ്ങൾ സംബന്ധിച്ചും തീരുമാനങ്ങൾ കൈക്കൊണ്ടു.

# ഭദ്രാസനത്തിലെ വൈദികർ

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽ 34 വൈദികരാണ് വിവിധ ഇടവകകളിലായി ശുശ്രൂഷ നിർവ്വഹിച്ച് വരുന്നത്. വിവിധതരത്തിലുള്ള പ്രതിസന്ധികളുടെ മധ്യത്തിൽ ആണ് ഓരോ വൈദികരും തങ്ങളെ ഏൽപിച്ച അജപാന ശുശ്രൂഷ നിർവ്വഹിച്ച് വരുന്നത്. തികഞ്ഞ അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ഓരോ വൈദികരോടും ഭദ്രാസനം പ്രത്യേകം കടപ്പെട്ടിരിക്കുന്നു.

സഭ ആകമാനം നടപ്പാക്കിയ കേന്ദ്രീകൃത ശമ്പള പദ്ധതിയനുസരിച്ച് ഈ റിപ്പോർട്ടു വർഷവും വൈദികരുടെ ശമ്പളം നൽകുവാൻ സാധിച്ചു. വൈദികരുടെ ശമ്പള പദ്ധതിയിലേക്ക് നമ്മുടെ ഇടവകകളിൽ നിന്നുള്ള വിഹിതം തീരെ അപര്യാപ്തമാണ്. സഭാ കേന്ദ്രത്തിൽ നിന്നുള്ള നിശ്ചിത വിഹിതം എല്ലാ മാസവും ലഭിക്കുന്നുണ്ട്. കൂടാതെ സഭാ ട്രസ്റ്റി ശ്രീ. എം. ജി. ജോർജ്ജ് മുത്തൂറ്റ്, കണ്ടനാട് ഭദ്രാസന വൈദിക സംഘത്തിന്റെ നേതൃത്വത്തിൽ ഫാ. ജോൺസൺ പുറ്റാനിലിന്റെ ചുമതലയിൽ നടക്കുന്ന 'യുക്കാറിസ്റ്റിക് നെക്ടാർ' എന്ന പ്രസ്ഥാനത്തിൽ നിന്നും പ്രതിമാസ ഗ്രാന്റ് ലഭിക്കുന്നുണ്ട്. വൈദിക ശമ്പള ഫണ്ടിലേക്ക് സാമ്പത്തിക സഹായം നൽകുന്ന എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

ഭദ്രാസനത്തിലെ വൈദികർക്കും കുടുംബാംഗങ്ങൾക്കും ചികിത്സാ സഹായം ലഭിക്കുന്നതിനായി എല്ലാ വൈദികരെയും മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതിയിൽ ചേർത്തിട്ടുണ്ട്. 50,000 രൂപ വരെ ചികിത്സാ ചിലവ് ലഭിക്കുന്നതിനുള്ള ഈ പദ്ധതിക്ക് ആവശ്യമുള്ള പ്രീമിയം തുക ഭദ്രാസനവും സഭാ കേന്ദ്രവും ചേർന്ന് നൽകി വരുന്നു. കൂടാതെ ഫാമിലി ബെനിഫിറ്റ് സ്കീം, പെൻഷൻ, പ്രീസ്റ്റ് വെൽഫയർ ഫണ്ട് എന്നിവ ഭദ്രാസനത്തിന്റെയും വൈദികരുടെയും പങ്കാളിത്തത്തോടെ ഭംഗിയായി നടന്നുവരുന്നു. ഇപ്പോൾ ഭദ്രാസനത്തിലെ വൈദിക ശുശ്രൂഷയിൽ 34 വൈദികരാണ് സേവനമനുഷ്ഠിക്കുന്നത്. വൈദിക ശുശ്രൂഷയിൽ നിന്ന് വിരമിച്ച് 4 പേരും 2 വൈദിക വിദ്യാർത്ഥികളുമുണ്ട്.

റിപ്പോർട്ട് വർഷത്തിൽ ഡീ. റ്റ്യുബി ബേബി അഭി. ഇടവക മെത്രാപ്പോലീത്തായിൽ നിന്ന് വൈദികപട്ടം സ്വീകരിച്ച് ശുശ്രൂഷയിലേക്ക് പ്രവേശിച്ചു. ബഹു. അച്ചൻ ഇപ്പോൾ കൊച്ചി ഭദ്രാസനത്തിലെ ചെറായി സെന്റ് മേരീസ് പള്ളി വികാരിയായി പ്രവർത്തിച്ചു വരികയാണ്. ഡീ. എബി പൗലോസ് കോട്ടയം പഴയ സെമിനാരിയിൽ നിന്ന് വൈദികപഠനം പൂർത്തിയാക്കി.

ഭദ്രാസനത്തിലെ സീനിയർ വൈദികനായിരുന്ന മണ്ണാത്തിക്കുളത്തിൽ വന്ദ്യ ജോൺ കോർഎപ്പിസ്ക്കോപ്പ ഈ റിപ്പോർട്ട് വർഷമാണ് നമ്മിൽ നിന്ന്

വേർപിരിഞ്ഞത്. ബഹു. അച്ചന്റെ വേർപാടിലുള്ള അനുശോചനം രേഖപ്പെടുത്തുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## തിരഞ്ഞെടുപ്പുകൾ നിയമനങ്ങൾ

റിപ്പോർട്ട് വർഷത്തിൽ ഭദ്രാസന വൈദികസംഘം സെക്രട്ടറിയായി വടക്കേമുട്ടപ്പിള്ളിൽ ഫാ. ജോൺ വി. ജോൺ തിരഞ്ഞെടുക്കപ്പെട്ടു. ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടറായി ഫാ. ഏലിയാസ് കെ. വി. കുറ്റിപറിച്ചേൽ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. മാമ്മലശ്ശേരി, മൂവാറ്റുപുഴ, ഇടുക്കി സൺഡേസ്കൂൾ ഡിസ്ട്രിക്റ്റുകൾ യഥാക്രമം ഫാ. ജോൺ മൂലാമറ്റം, ഫാ. ബിനോയ് ജോൺ, ഫാ. അബി പി. യു. എന്നിവരെ പ്രസിഡന്റുമാരായി നിയമിച്ചു.

റിപ്പോർട്ട് വർഷത്തിൽ വരിക്കോലി സെന്റ് മേരീസ് പള്ളി വികാരിയായി ഫാ. വിജു ഏലിയാസിനെയും സഹവികാരിയായി ഫാ. ജോയ് തോമസിനെയും ഊരമന സെന്റ് ജോർജ്ജ് താബോർ പള്ളി വികാരിയായി ഫാ. ഗീവറുഗീസ് ജോൺ വള്ളിക്കാട്ടിലിനെയും മണ്ണത്തൂർ സെന്റ് ജോർജ്ജ് പള്ളി സഹവികാരിയായി ഫാ. ജോസ് വെട്ടിക്കുഴിയെയും ഇടവക മെത്രാപ്പോലീത്ത നിയമിച്ചു. തൽസ്ഥാനങ്ങളിൽ ഈ വൈദികർ സ്തുത്യർഹമായി പ്രവർത്തിച്ചുവരുന്നു.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

ഈ റിപ്പോർട്ട് വർഷത്തിൽ വിവിധ വ്യക്തികൾക്കും ഭവനങ്ങൾക്കും വിദ്യാർത്ഥികൾക്കും സാമ്പത്തിക സഹായവും സ്കോളർഷിപ്പുകളും നൽകുവാൻ സാധിച്ചു.

പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന നിർധനരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് ഈ വർഷവും നൽകുവാനായി. കേരളത്തിനകത്തും കേരളത്തിനു വെളിയിലുമായി പഠിക്കുന്ന മെഡിസിൻ, എഞ്ചിനീയറിംഗ്, നേഴ്സിംഗ് എന്നീ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1250 രൂപ വീതം സ്കോളർഷിപ്പ് നൽകിവരുന്നു. ഇതിനാവശ്യമായ പണം പ്രധാനമായി സംഭാവനായി നൽകിയത് ജെയ്സ് കെ. ജോസഫ് കത്തിപ്പാറത്തടം, അലക്സ് പോൾ ആലയ്ക്കൽ ബഹറിൻ, സെന്റ് ഗ്രിഗോറിയോസ് ISA/Town Area Prayer Group പെരിയാമ്പ്ര സെന്റ് ജോർജ്ജ് മർത്തമറിയം വനിതാ സമാജം, സന്തോഷ് മാത്യു കുവൈറ്റ് കൂടാതെ ഭദ്രാസനത്തിന്റെ അടുത്ത സുഹൃത്തുക്കളായ മറ്റുചില അഭ്യുദയകാംക്ഷികളുമാണ്.

## സ്നേഹനിധി

എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ, കണ്ട

നാട് ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത തിരുമേനിയുടെ മെമ്മോറിയൽ ആയി രൂപീകരിച്ച് നടപ്പിലാക്കിയിരിക്കുന്ന സ്നേഹനിധി ഫണ്ടിൽ നിന്ന് ഈ ഭദ്രാസനത്തിൽ നിന്ന് അപേക്ഷ നൽകിയ പ്രൊഫഷണൽ കോഴ്സ് പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പ് നൽകുകയുണ്ടായി. എറണാകുളം സെന്റ് മേരീസ് കത്തീഡ്രലിലെ വികാരിമാരോടും സ്നേഹനിധിയുടെ ചുമതലക്കാരോടും ഭദ്രാസനം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. സഹായങ്ങൾ എത്തിച്ചുതരുന്ന എല്ലാ വ്യക്തികളോടും കുടുംബാംഗങ്ങളോടും ഇടവകകളോടും ഭദ്രാസനം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## സെമിത്തേരി

ഭദ്രാസനത്തിന്റെ നേരിട്ട് ചുമതലയിലുള്ള ആരക്കുഴ റോഡിലുള്ള സെമിത്തേരിയിൽ പൊതുക്കല്ലറ നിർമ്മിച്ചത് ഉപയോഗിക്കുന്നത് ആരംഭിച്ചു. റിപ്പോർട്ട് വർഷത്തിൽ 4 കല്ലറ വിവിധ കുടുംബങ്ങൾക്കായി അനുവദിച്ചു.

## കാതോലിക്കാദിനപ്പിരിവ്

ഭദ്രാസനത്തിലെ 2014-2015 ലെ കാതോലിക്കാ ദിനപ്പിരിവ് വിജയകരമായി നടന്നു. പിരിവ് വിജയകരമാക്കാൻ സഹായിച്ച എല്ലാ ഇടവകകളോടും, വ്യക്തികളോടും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## ഇടുക്കി സെന്റ് മേരീസ് സ്കൂൾ

ഭദ്രാസനത്തിന്റെ ഉടമസ്ഥതയിലുള്ള ഇടുക്കി സെന്റ് മേരീസ് സ്കൂൾ ഭംഗിയായി പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ഇവിടെ 4 അദ്ധ്യാപകരും 4 ക്ലാസ്സുകളിലായി 80 വിദ്യാർത്ഥികളും പഠിക്കുന്നു. അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത മാനേജരായിട്ടുള്ള ഈ സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഇടുക്കി സെന്റ് മേരീസ് പള്ളി വികാരി ഫാ. അബി ഉലഹന്നാൻ പള്ളി ഇടവകാംഗങ്ങളായ ബാബു കെ. കെ. കണ്ണങ്കരയിൽ, എം. കെ. ജോർജ്ജ് മുണ്ടപ്ലാക്കൽ, ഐസക് പുന്നാപ്പിള്ളിൽ, ജേക്കബ് ആശാരികുടിയിൽ എന്നിവർ അംഗങ്ങളായ ഒരു സ്കൂൾ ഉപദേശക സമിതിയെ ഇടവക മെത്രാപ്പോലീത്ത ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മിറ്റി സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഭംഗിയായി നിർവ്വഹിച്ചു വരികയും ചെയ്യുന്നു.

## ഷോപ്പിംഗ് കോംപ്ലക്സ്

ഭദ്രാസനത്തിന്റെ ഉടമസ്ഥതയിലുള്ള അരമന ഷോപ്പിംഗ് കോംപ്ലക്സിന്റെയും കത്തീഡ്രൽ ഹാളിന്റെയും പ്രവർത്തനങ്ങൾ ഭംഗിയായി നടന്നുവരുന്നു. റിപ്പോർട്ട് വർഷം കോംപ്ലക്സിന്റെ പടിഞ്ഞാറെ ഭാഗത്തിന്റെ

മുകൾ ഭാഗം ഷീറ്റ് മേഞ്ഞ് എടുക്കാൻ സാധിച്ചു. ഈ സ്ഥലം കൂടുതൽ ഉപയോഗപ്രദമാക്കുന്നത് ഇതുവഴി സാധ്യമാക്കുന്നതാണ്.

## പരുമല ക്യാൻസർ കെയർ സെന്റർ

പരുമല ക്യാൻസർ കെയർ സെന്ററിന്റെ നിർമ്മാണ പ്രവർത്തിലേക്കായി ഒരു ചതുരശ്ര അടി കെട്ടിടം നിർമ്മിക്കുന്നതിനായി (One square feet coupon distribution programme) ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ വിജയകരമായി നടത്താൻ സാധിച്ചു. പിറവം സെന്റ് മേരീസ് കത്തീഡ്രൽ, മാമ്മലശ്ശേരി മാർ മിഖായേൽ എന്നീ ഇടവകകൾ 92500 രൂപായും പാലക്കുഴ സെന്റ് ജോൺസ് പള്ളിയിൽ നിന്ന് 99900 രൂപായും സമാഹരിക്കുകയുണ്ടായി. മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രൽ, കണ്യാട്ടുനിരപ്പ് സെന്റ് ജോൺസ് എന്നി ഇടവകകളിൽ നിന്ന് യഥാക്രമം 33300 രൂപായും 14500 രൂപായും ലഭിക്കുകയുണ്ടായി. സഭയുടെ ഈ പ്രോജക്ടുമായി സഹകരിച്ച എല്ലാ സഭാംഗങ്ങളോടും അതിനുവേണ്ടി പ്രയത്നിച്ച വികാരിമാരോടും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## സെന്റ് തോമസ് കത്തീഡ്രൽ, മൂവാറ്റുപുഴ

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ കത്തീഡ്രൽ ദേവാലയമായ സെന്റ് തോമസ് കത്തീഡ്രൽ അനുഗ്രഹിതമായ വളർച്ചയുടെ പാതയിലാണ്. ഞായറാഴ്ചകളിൽ രണ്ട് സമയങ്ങളിലായി വി. കുർബ്ബാന അർപ്പിക്കപ്പെടുന്നു. വിവിധ ആദ്ധ്യാത്മിക പ്രവർത്തനങ്ങളുടെ മാതൃകാപരമായ പ്രവർത്തനമാണ് ഈ ഇടവകയിൽ നടന്നുവരുന്നത്. കൂടാതെ വിവിധ കാരുണ്യ പ്രവർത്തനങ്ങൾക്കും ഇടവക നേതൃത്വം കൊടുക്കുന്നുണ്ട്. അഭിവന്ദ്യ ഇടവക മെത്രാപ്പോലിത്ത നിയമിച്ച ഒരു അഡ്വൈസറി കമ്മറ്റിയാണ് ഇടവകയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. ഇടവകയുടെ ഫിനാൻസ് സൂപ്രണ്ട് ആയി ശ്രീ. വി.സി. ജേക്കബ് വടക്കേമുട്ടപ്പിള്ളിയും സെക്രട്ടറി ശ്രീ. സജി ജോൺ നീറുന്താനവും സ്തുത്യർഹമായി പ്രവർത്തിച്ചുവരുന്നു. ഇടവകയുടെ ആഭിമുഖ്യത്തിൽ സൺഡേസ്കൂൾ കെട്ടിടത്തിൽ വച്ച് ഡേ കെയറും, പ്ലേ സ്കൂളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇടവകയുടെ സമഗ്രമായ വികസനത്തിനും ആത്മീയ വളർച്ചക്കും വേണ്ടി അക്ഷീണം യത്നിക്കുന്ന വികാരിമാരായ ബഹു. എഡ്വേർഡ് ജോർജ്ജ് അച്ചനോടും, ബഹു. ബിനോയ് ജോൺ അച്ചനോടും, കമ്മറ്റി അംഗങ്ങളോടും ഇടവകകൂട്ടായ്മയിലെ ഓരോ കുടുംബത്തോടും ഭദ്രാസനം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ദേവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ആരാധന പുതിയ പള്ളിയിലാണ് നടത്തിവരുന്നത്. റിപ്പോർട്ട് വർഷം മദ്ബഹാ

യിലെ ബെസ്കുദിശാ നിർമ്മാണവും സീലിംഗ്, സുപ്രധാനമായ മറ്റ് പല നിർമ്മാണ ജോലികളും നിർവ്വഹിക്കാൻ സാധിച്ചു. നിർമ്മാണ ജോലികൾ അഭംഗുരം നിർവ്വഹിക്കാൻ സാമ്പത്തികസഹായം ചെയ്തു തരുന്ന എല്ലാ അംഗങ്ങളോടും ഭദ്രാസന ഇടവകക്കുള്ള നന്ദി നിസ്സീമമാണ്. ഇടവക മെത്രാപ്പോലീത്ത നാമനിർദ്ദേശം ചെയ്ത ഒരു കമ്മറ്റിയാണ് കത്തീഡ്രൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. ഭദ്രാസന സെക്രട്ടറി അദ്ധ്യക്ഷനായും വികാരി ഉപാദ്ധ്യക്ഷനായും ആലയ്ക്കൽ ശ്രീ. എ. പി. സെൽവിൻ ജനറൽ കൺവീനറായും പ്രവർത്തിച്ചുവരുന്നു.

സെന്റ് തോമസ് കത്തീഡ്രലിന്റെ കുട്ടമ്പുഴ മാർ ബസേലിയോസ് ചാപ്പലിൽ റിപ്പോർട്ട് വർഷം ഞായറാഴ്ച കുർബ്ബാന ആരംഭിച്ചു. മാസത്തിൽ ഇടവക മെത്രാപ്പോലീത്തായുടെ കല്പന പ്രകാരം രണ്ട് ഞായറാഴ്ചകളിലാണ് അവിടെ വി. കുർബ്ബാന അനുഷ്ഠിക്കുന്നത്. പുറ്റാനിൽ ബഹു. ജോൺസൺ അച്ചൻ ചുമതല നിർവ്വഹിച്ചു വരുന്നു.

## നിർണ്ണായക കോടതി വിധികൾ

2015 ൽ ഭദ്രാസനത്തെ സംബന്ധിച്ച് നിർണ്ണായകമായ കോടതി വിധികൾ വന്ന വർഷമാണ്. ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിൽ ഉണ്ടായിരുന്ന മണ്ണത്തൂർ സെന്റ് ജോർജ്ജ്, കുറിഞ്ഞി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്, വരിക്കോലി സെന്റ് മേരീസ് എന്നീ പള്ളികൾ സംബന്ധിച്ച കേസുകളാണ് തീർപ്പാക്കിയത്.

മണ്ണത്തൂർ സെന്റ് ജോർജ്ജ് പള്ളി സംബന്ധിച്ച് യാക്കോബായ വിഭാഗം ഹൈക്കോടതിയിൽ ഫയൽ ചെയ്ത അപ്പീൽ ഹർജി തീർപ്പാക്കിയത് താഴെപ്പറയുന്ന സുപ്രധാന നിരീക്ഷണങ്ങളോടെയാണ്.

1. മണ്ണത്തൂർ സെന്റ് ജോർജ്ജ് പള്ളി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഇടവക പള്ളിയാണ്.
2. സഭയുടെ 1934 ലെ ഭരണഘടന അനുസരിച്ചാണ് ഈ ഇടവക ഭരണം നിർവ്വഹിക്കേണ്ടത്.
3. മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗമായ ഈ ദേവാലയത്തിന് മറ്റ് ഏതെങ്കിലും അസ്സോസിയേഷനിൽ ചേരുന്നതിന് സാധിക്കില്ല.
4. 2002 യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭാ ഭരണഘടന അനുസരിച്ചാണ് ഈ ഇടവക ഭരിക്കപ്പെടേണ്ടത് എന്ന യാക്കോബായ വിഭാഗത്തിന്റെ വാദം കോടതി മേൽ കാരണങ്ങൾകൊണ്ട് തള്ളി ഉത്തരവായി.
5. മണ്ണത്തൂർ പള്ളിയിലോ, പള്ളിയുടെ മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ യാക്കോബായ വിഭാഗത്തിലെ ഏതെങ്കിലും വൈദികനോ, സ്ഥാനി

കൾക്കോ പ്രവേശിക്കുന്നതിന് കീഴ് കോടതി (ജില്ലാക്കോടതി) ഏർപ്പെടുത്തിയ ശാശ്വതമായ നിരോധനം ഹൈക്കോടതി ശരിവച്ചു.

6. കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്തായാൽ നിയമിതനായ ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളം ആണ് പള്ളി വികാരി. വികാരി പള്ളിയുടെ പൊതുയോഗം 1934 ലെ ഭരണഘടനയുടെ അടിസ്ഥാനത്തിൽ വിളിച്ച് ചേർത്ത് ഇടവക ഭരണസമിതിയെ തിരഞ്ഞെടുക്കേണ്ടതാണ്.

ഈയൊരു വിധി തീർപ്പിൽ എത്തിച്ചേർന്നത് സഭാ കേസിലെ 1995 ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ്. ഇതേ അടിസ്ഥാനത്തിൽ തന്നെയാണ് കുറിഞ്ഞി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയുടെയും വിധി തീർപ്പ് ഉണ്ടായിരിക്കുന്നത്. താഴെപ്പറയുന്നതാണ് ഈ കോടതിയുടെ സുപ്രധാന തീർപ്പുകൾ.

1. കുറിഞ്ഞി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഇടവക പള്ളിയാണ്.
2. കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്തായാൽ നിയമിതനായ ചിറക്കടക്കുന്നേൽ ബഹു. ജോൺ കോർഎപ്പിസ്ക്കോപ്പായാണ് ഈ പള്ളിയുടെ വികാരി.
3. ഈ ഇടവകയിലെ പാലാൽ-കളപ്പുരയ്ക്കൽ കുടുംബത്തിന് 1964 ൽ ഈ ഇടവകയിൽ നിലവിൽ വന്ന ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഉണ്ടായിരുന്ന അധികാരവകാശങ്ങൾ 1934 ലെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന അനുസരിച്ച് നിലനിൽക്കുന്നതാണെങ്കിലും ഇതു സംബന്ധിച്ച് സഭാ ഭരണഘടനയുടെ 129-ാം വകുപ്പ് അനുസരിച്ച് പുതിയ ചട്ടങ്ങൾ രൂപീകരിച്ച് മെത്രാസന ഇടവകയോഗം മെത്രാസന കൗൺസിൽ എന്നിവ വഴി മാനേജിംഗ് കമ്മറ്റിയിൽ കൊണ്ടുവന്ന് ടി കമ്മറ്റിയുടെ അനുമതിയോടെ നടപ്പിൽ വരുത്താവുന്നതാകുന്നു.
4. ഇപ്രകാരം ചട്ടങ്ങൾ വിധി വന്ന് ആറ് മാസത്തിനകം സഭാ സമതികളിൽ സമർപ്പിക്കുന്നില്ലെങ്കിൽ ഉടമ്പടി പ്രകാരമുള്ള ഭരണസംവിധാനം അസ്ഥിരപ്പെടുകയും 1934 ലെ ഭരണഘടന മാത്രം ഈ ഇടവകയിൽ പൂർണ്ണമായി പ്രാബല്യത്തിൽ വരുന്നതുമാകുന്നു.

വരിക്കോലി സെന്റ് മേരീസ് പള്ളി സംബന്ധിച്ച് ഉണ്ടായ കോടതി വിധിയിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് തീർപ്പുണ്ടാക്കി.

1. വരിക്കോലി സെന്റ് മേരീസ് പള്ളി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 1934 ലെ സഭാ ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടേണ്ടതാണ്.
2. വരിക്കോലി പള്ളിയിലോ പള്ളിയുടെ അനുബന്ധ സ്ഥാപനങ്ങളിലോ യാക്കോബായ സഭയിലെ ഏതെങ്കിലും വൈദികരോ മറ്റ് ഏതെങ്കിലും സ്ഥാനികളോ പ്രവേശിക്കുന്നതും കർമ്മാനുഷ്ഠാനങ്ങൾ നടത്തുന്നതും

ശാശ്വതമായി നിരോധിച്ചുകൊണ്ട് കോടതി ഉത്തരവായി.

3. ഭരണഘടനയുടെ 101-ാം വകുപ്പ് അനുസരിച്ച് വാഴിക്കപ്പെടാത്ത പാത്രിയർക്കീസിനെ സഭയ്ക്ക് അംഗീകരിക്കാൻ ബാധ്യതയില്ലെന്നും ആയതിനാൽ പാത്രിയർക്കീസിനെ അനുസരിക്കാത്തവർക്ക് സുപ്രീംകോടതി വിധിയുടെ ആനുകൂല്യം അതുമായി ബന്ധപ്പെട്ട കക്ഷികൾക്ക് ലഭിക്കില്ല എന്നുള്ള യാക്കോബായ വിഭാഗത്തിന്റെ വാദം കോടതി തള്ളിക്കളഞ്ഞു.
4. ഇപ്പോഴത്തെ പള്ളി വികാരി ഫാ. വിജു ഏലിയാസ് പള്ളിയുടെ നിയമാനുസരണപ്പൊതുയോഗം വിളിച്ചുചേർത്ത് പുതിയ ഭരണസമിതി രൂപീകരിക്കേണ്ടതാകുന്നു.

ഈ മൂന്ന് കോടതി വിധികളും സഭയെ സംബന്ധിച്ച് വളരെ സുപ്രധാനങ്ങളാണ്. പ്രത്യേകിച്ച് കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ അഭി. തിരുമേനിയും പള്ളികളും വൈദികരും ജനങ്ങളും സഭാ യോജിപ്പിനുവേണ്ടി നിലപാടെടുത്ത സാഹചര്യത്തിൽ വ്യക്തമായി പറഞ്ഞ നിലപാടുകളാണ് ഈ കോടതി വിധികളിലൂടെ ശരിയാണ് എന്ന് വന്നിരിക്കുന്നത്. വ്യവസ്ഥാപിതവും നിയമപരവുമായ സഭാ സംവിധാനത്തിനുവേണ്ടി നിലപാടെടുത്തതു വഴി പീഡനങ്ങളും ഒറ്റപ്പെടലുകളും മാരകമായ അക്രമങ്ങളും സഹിക്കേണ്ടി വന്ന എല്ലാവരുടെയും ദീർഘനാളത്തെ ആഗ്രഹവും പ്രാർത്ഥനയും ആണ് ഈ വിധി തീർപ്പിലൂടെ വെളിപ്പെട്ട് വന്നിരിക്കുന്നത്. സഭയ്ക്കുവേണ്ടി നീണ്ടകാലം സഹനങ്ങളിലൂടെ കടന്നുപോയി നിലപാടുകൾക്ക് വ്യക്തമായ നീതീകരണം നീതിപീഠങ്ങളിൽ നിന്ന് നേടിയെടുത്ത മണ്ണത്തൂർ സെന്റ് ജോർജ്ജ്, കുറിഞ്ഞി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്, വരിക്കോലി സെന്റ് മേരീസ് എന്നീ ഇടവകയുടെ വികാരിമാർ, സഹവികാരിമാർ, ട്രസ്റ്റിമാർ, സഭാംഗങ്ങൾ എല്ലാവരോടുമുള്ള ഭദ്രാസനത്തിന്റെ നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു.

## ഭദ്രാസന കുടുംബസംഗമവും മെത്രാഭിഷേക രജത ജൂബിലി ആഘോഷവും

ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലിയോട് അനുബന്ധിച്ച് 2015 ജൂൺ 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് മൂവാറ്റുപുഴ അരമനയിൽ വച്ച് ഭദ്രാസന കുടുംബസംഗമം നടത്തപ്പെട്ടു. സഭയിലും സമൂഹത്തിന്റെ വിവിധ മേഖലകളിലും അഭിവന്ദ്യ തിരുമേനി നിർവ്വഹിച്ചു വരുന്ന ശുശ്രൂഷകളെ ദൈവസന്നിധിയിൽ അനുസ്മരിക്കുന്നതിനും ദൈവമുമ്പാകെ നന്ദി കരേറ്റുന്നതിനും വേണ്ടിയാണ് കുടുംബസംഗമം ക്രമീകരിക്കപ്പെട്ടത്. ഇതോടനുബന്ധിച്ച് ഭദ്രാസനം ആരംഭിക്കുന്ന ജൂബിലി സ്കോളർഷിപ്പ് പദ്ധതിയുടെ ഉദ്ഘാടനവും ഭദ്രാസന സോഷ്യൽ സർവ്വീസ്

സൊസൈറ്റിയുടെ ലോഗോ പ്രകാശനവും നിർവ്വഹിക്കുകയുണ്ടായി. പ്രസ്തുത ചടങ്ങിന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിദിയൻ കാതോലിക്ക ബാവാ അദ്ധ്യക്ഷത വഹിക്കുകയും മാർത്തോമാ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്ത ഡോ. സഖറിയാസ് മാർ തെയോഫി ലോസ് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. പ്രസ്തുത ചടങ്ങിൽ അഡ്വ. എസ്. ശ്രീകുമാർ, ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാ പ്പോലീത്ത, ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത, പ്രൊഫ. ഡോ. എം. പി. മത്തായി എന്നിവർ സംസാരിച്ചു. ഭദ്രാസനത്തിലെ വിവിധ ഇടവ കകളിൽ നിന്നായി 2000 -ത്തോളം വിശ്വാസികൾ സംബന്ധിച്ചു. ഈ പരിപാടി വിജയമാക്കുവാൻ സഹായിച്ച വൈദികരോടും കൗൺസിൽ അംഗങ്ങളോടും സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളോടുമുള്ള കടപ്പാട് നിസ്സീമമാണ്.

## സൺഡേ സ്കൂൾ വാർഷിക റിപ്പോർട്ട് 2014-2015

പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേ സ്കൂൾ അസ്സോ സിയേഷൻ (OSSAE) കണ്ടനാട് ഈസ്റ്റ് ഭദ്രാസന റിപ്പോർട്ട് 2014 ഈ പൊതു യോഗം മുമ്പാകെ സമർപ്പിക്കുന്നു.

നിശ്ചിതമായ ഒരു പാഠ്യപദ്ധിയനുസരിച്ച് എല്ലാ ഞായറാഴ്ചകളിലും നടക്കുന്ന ഒരു പഠന പരിപാടിയാണ് സൺഡേ സ്കൂൾ. OSSAE കേന്ദ്ര നിർദ്ദേശപ്രകാരം ക്ലാസ്സുകളും അനുബന്ധ പരിപാടികളും നടന്നുവരുന്നു.

2014 ലെ ക്ലാസ്സുകൾ ജനുവരി ആദ്യ ഞായറാഴ്ച ആരംഭിച്ചു. ജനുവ രിയിലെ 3-ാം ഞായറാഴ്ച ജീവകാരുണ്യ ദിനമായും പെന്തിക്കോസ്തി പെരു ന്നാളിനു മുമ്പുള്ള ഞായറാഴ്ച സൺഡേ സ്കൂൾ ദിനമായും ആചരിച്ചു.

സൺഡേ സ്കൂൾ സഹപാഠ്യമത്സരം സോണൽ തലത്തിൽ നമ്മുടെ ഭദ്രാസനം മൂന്നാം സ്ഥാനത്തെത്തി. സീനിയർ വിഭാഗത്തിൽ സംഗീതത്തിന് സോണൽ തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. പെരിയാമ്പ്ര സെന്റ് ജോർജ്ജ് സൺഡേ സ്കൂളിലെ ശില്പ ജോർജ്ജ്, കോട്ടയം OSSAE കേന്ദ്ര ഓഫീ സിൽ വച്ച് നടന്ന മത്സരത്തിൽ വിജയിച്ച് 'ഗാനസുഗന്ധി' പട്ടം നേടുകയും ചെയ്തു.

സൺഡേ സ്കൂളിന്റെ പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം 8, 9, 10 ക്ലാസ്സുകൾ ഒഴികെ മറ്റെല്ലാ ക്ലാസ്സിലെയും പുസ്തകങ്ങൾ തയ്യാറായി. അതു പ്രകാരം പരീക്ഷയും മൂല്യനിർണ്ണയരീതികളും പരിഷ്ക്കരിക്കുകയും ചെയ്തു. നമ്മുടെ ഭദ്രാസനത്തിലെ അദ്ധ്യാപകർ പലരും പുതിയ പാഠ്യ പദ്ധി പ്രകാരം 12-ാം ക്ലാസ്സിൽ പരീക്ഷ എഴുതി 'വേദപ്രവീൺ ഡിപ്ലോമ' സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. അവരെ പ്രത്യേകം അനു മോദിക്കുന്നു.

2014 സഭയുടെ സൺഡേ സ്കൂൾ പ്രസ്ഥാനം OSSAE എന്ന പേര് സ്വീകരിച്ചിട്ട് 50 വർഷം തികഞ്ഞു. ഈ കനക ജൂബിലി വർഷത്തിൽ നമ്മുടെ ഭദ്രാസനത്തിൽ ചില പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചു. 2014 മെയ് 22-24 തീയതികളിൽ പാമ്പാക്കുട സമന്വയയിൽ വച്ച് സൺഡേ സ്കൂൾ കുട്ടികൾക്കായി ഒരു ക്യാമ്പ് സംഘടിപ്പിച്ചു. 'മക്കളെ ജ്ഞാനത്തിന് ചെവികൊടുപ്പിൻ' എന്നതായിരുന്നു ചിന്താവിഷയം. ക്യാമ്പ് സമാപനത്തോടനുബന്ധിച്ച് അദ്ധ്യാപകരുടെ കുടുംബസംഗമവും ക്രമീകരിച്ചു. ഈ പരിപാടികളുടെ നടത്തിപ്പിൽ പണം സ്വരൂപിക്കുവാനായി ഒരു സ്ക്രാച്ച് & വിൻ കാർഡ് ഭദ്രാസന പൊതുയോഗത്തിന്റെ ആലോചനയോടെ നടപ്പാക്കി. അത് വൻ വിജയമായി. ഇതുമായി സഹകരിച്ച് എല്ലാ സൺഡേസ്കൂൾ അദ്ധ്യാപകരോടും കുട്ടികളോടുമുള്ള നന്ദി ഇവിടെ കുറിക്കട്ടെ. സോണൽ തലത്തിൽ കോലഞ്ചേരിയിൽ വച്ചു നടന്ന (20.03.2014) ജൂബിലി സമ്മേളനത്തിൽ നമ്മുടെ ഭദ്രാസനത്തിലെ എല്ലാ സൺഡേ സ്കൂളുകളിൽ നിന്നും അദ്ധ്യാപകർ പങ്കെടുത്തു. ജൂബിലി സമാപനം 2014 ഡിസംബർ 20-ാം തീയതി നിരണം പള്ളിയിൽ നടന്നപ്പോഴും നമ്മുടെ അദ്ധ്യാപകർ പങ്കെടുത്തു.

ജൂബിലിയുടെ ഭാഗമായി സൺഡേസ്കൂളിൽ 25 വർഷം അദ്ധ്യാപനം പൂർത്തിയാക്കിയവരെ അദ്ധ്യാപക-കുടുംബ സംഗമവേളയിൽ സമന്വയയിൽ വച്ചും 40 വർഷം പൂർത്തിയാക്കിയവരെ നിരണം പള്ളിയിൽ വച്ചും മൊമെന്റോ, സർട്ടിഫിക്കററ് എന്നിവ നൽകി ആദരിച്ചു.

**2014 ലെ സ്ഥിതിവിവരക്കണക്കുകൾ**

| | | |
|---|---|---|
| 1. ഡിസ്ട്രിക്ടുകൾ | - | 3 (മൂന്ന്) ഇടുക്കി, മാമ്മലശ്ശേരി, മൂവാറ്റുപുഴ |
| 2. സൺഡേസ്കൂൾ | - | 18 (പതിനെട്ട്) |
| 3. കുട്ടികൾ | - | 1018 (ആയിരത്തി പതിനെട്ട്) |
| 4. അദ്ധ്യാപകർ | - | 269 (ഇരുന്നൂറ്റി അറുപത്തൊൻപത്) |
| 5. ഒ.വി.ബി.എസ് യൂണിറ്റുകൾ | - | 9 (ഒൻപത്) |

സൺഡേ സ്കൂൾ പ്രവർത്തനങ്ങൾക്ക് എപ്പോഴും പ്രോത്സാഹനം നൽകുന്ന ഭദ്രാസന മെത്രാപ്പോലീത്തായും ഭദ്രാസന സെക്രട്ടറി, കൗൺസിൽ അംഗങ്ങൾ, സൺഡേ സ്കൂൾ പ്രവർത്തകർ എന്നിവർക്കും നന്ദി അറിയിച്ചുകൊണ്ടും നിത്യം വഴി നടത്തുന്ന സർവ്വശക്തനായ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടും ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

**കെ. എം. ജോസഫ്**
ഭദ്രാസന സെക്രട്ടറി

**ഫാ. കെ. വി. ഏലിയാസ്, കുറ്റിപറിച്ചേൽ**
ഭദ്രാസന ഡയറക്ടർ

മൂവാറ്റുപുഴ/31-03-2015

## വൈദീക സംഘം പ്രവർത്തന റിപ്പോർട്ട് 2014-2015

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ വൈദികരുടെ കൂട്ടായ്മ, സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘത്തിന്റെ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ ഈ വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

മലങ്കര സഭയിൽ ഏറ്റവും അധികം പീഡനങ്ങളും സഹനങ്ങളും ഏറ്റുവാങ്ങുന്ന ഒരു ഭദ്രാസനമാണ് കണ്ടനാട് ഈസ്റ്റ്. സഭാ ഐക്യത്തിനു വേണ്ടി കഴിഞ്ഞ ഒന്നര ദശാബ്ദമായി ധീരതയോടെ നിലകൊള്ളുന്ന വൈദികരും വിശ്വാസ സമൂഹവും സഭക്കുതന്നെ ഒരു സഹന മാതൃകയാണ്. സ്വജീവനുപോലും ഭീഷണിയുള്ള സാഹചര്യത്തിൽ വളരെ കഷ്ടവും മാനസിക പീഡയും സാമ്പത്തിക നഷ്ടവും സഹിച്ചുകൊണ്ട് വൈദികർ തങ്ങളുടെ ചുമതലകൾ നിറപടിയായി നിർവ്വഹിക്കുന്നു എന്നുള്ളതിൽ തികഞ്ഞ ചാരിതാർത്ഥ്യമുണ്ട്.

ഭദ്രാസനത്തിലെ വൈദികസംഘത്തിന് സമർത്ഥമായ നേതൃത്വം നൽകുന്ന അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയോടുള്ള ഭക്ത്യാദരവുകൾ അർപ്പിക്കുന്നു. റവ. ഫാ. ജോൺ വി. ജോൺ സെക്രട്ടറിയും റവ. ഫാ. ഏലിയാസ് ചെറുകാട്, റവ. ഫാ. ജോൺസൺ പുറ്റാനിൽ, റവ. ഫാ. ബിനോയി ജോൺ, റവ. ഫാ. ബാബു എബ്രഹാം, റവ. ഫാ. അബി പി. യു. എന്നിവർ അംഗങ്ങളുമായ ഒരു കമ്മറ്റിയാണ് വൈദിക സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നത്. റിപ്പോർട്ട് കാലയളവിൽ കമ്മറ്റി മൂന്നുതവണകൂടി. വൈദികയോഗം ആറുതവണയും കൂടുകയുണ്ടായി. വൈദികയോഗങ്ങളിൽ പരമാവധി വൈദികർ പങ്കെടുക്കുന്നുണ്ട്. ഏതെങ്കിലും കാരണവശാൽ പങ്കെടുക്കുവാൻ സാധിക്കാത്ത വൈദികർ ആ വിവരം അഭിവന്ദ്യ തിരുമേനിയെ അറിയിച്ച് അനുമതിയും വാങ്ങുന്നു.

**അനുമോദനം**

ദൗത്യനിർവ്വഹണത്തിൽ ഉത്സാഹത്തോടും കർത്തവ്യനിർവ്വഹണത്തിൽ പ്രതിബദ്ധതയോടും സഭാ കാര്യങ്ങളിൽ പിടിവാശിയില്ലാതെയും ഭദ്രാസന ഭരണത്തിൽ കാൽനൂറ്റാണ്ട് പിന്നിട്ട നമ്മുടെ അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിക്ക് ആയുരാരോഗ്യങ്ങൾ നേർന്നുകൊണ്ട് അനുമോദനത്തിന്റെ ഒരു കുടന്ന പൂക്കൾ തൃപ്പാദത്തിങ്കൽ വൈദികസംഘം സമർപ്പിക്കുന്നു. വൈദികരെ സ്നേഹിക്കുകയും വൈദികകുടുംബങ്ങളെ സ്വകുടുംബമായി കണ്ട് സന്തോഷിപ്പിക്കുകയും ചെയ്യുന്ന അഭിവന്ദ്യ പിതാവിന് സ്നേഹാദരങ്ങൾ.

**വൈദിക കുടുംബസംഗമവും പൗരോഹിത്യ രജതജൂബിലിയും**

ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാ

സിയോസ് തിരുമേനിയുടെ എപ്പിസ്ക്കോപ്പൽ രജതജൂബിലിയോടനുബന്ധിച്ച് പാമ്പാക്കുട സമന്വയ സ്റ്റഡി സെന്ററിൽ വച്ച് വൈദിക കുടുംബസംഗമം നടത്തപ്പെട്ടു. റവ. ഫാ. എബ്രഹാം തോമസ് കോട്ടയം, പ്രൊഫ. എം. പി. മത്തായി, ഭദ്രാസന സെക്രട്ടറി റവ. ഫാ. എബ്രഹാം കാരാമ്മേൽ, റവ. ഫാ. പ്രിൻസ് കെ. ജോൺ, ശ്രീമതി ജിജി ജോൺസൺ മുതലായവർ നേതൃത്വം നൽകി. വൈദികരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് തദവസരത്തിൽ വിതരണം ചെയ്തു. സമ്മേളനത്തിൽ വിവിധ കലാപരിപാടികൾ അവതരിപ്പിക്കപ്പെട്ടു. സമ്മേളനാനന്തരം വിഭവസമൃദ്ധമായ അത്താഴവിരുന്നും ഒരുക്കിയിരുന്നു. എല്ലാ കാര്യത്തിനും വിപുലമായ ക്രമീകരണങ്ങൾ ഒരുക്കിയ സമന്വയ പ്രോഗ്രാം ഡയറക്ടർ റവ. ഫാ. ഷിബു കുര്യനോട് പ്രത്യേകം നന്ദി അറിയിക്കുന്നു. എല്ലാ വൈദികരും തങ്ങളുടെ കുടുംബാംഗങ്ങളോടൊത്ത് സംബന്ധിച്ചതിൽ പ്രത്യേകം കൃതജ്ഞത പ്രകാശിപ്പിക്കുന്നു. അഭിവന്ദ്യ തിരുമേനി ആതിഥേയത്വം വഹിച്ച കുടുംബസംഗമം വൈദിക കുടുംബങ്ങളുടെ ബന്ധം ഊഷ്മളമാക്കുവാൻ പര്യാപ്തമായി.

**ഭദ്രാസന കുടുംബസംഗമവും പൗരോഹിത്യ രജതജൂബിലി സമ്മേളനവും**

അഭിവന്ദ്യ തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലി, ഭദ്രാസനാടിസ്ഥാനത്തിൽ കുടുംബസംഗമമായി നടത്തപ്പെട്ടു. മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മാർ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ ഉദ്ഘാടനം ചെയ്ത സമ്മേളനം ഭദ്രാസന ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നു. വൈദികസംഘാംഗങ്ങളുടെ അക്ഷീണ പ്രയത്നഫലമായി ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്ന് വളരെ വിശ്വാസികൾ പങ്കെടുത്തു. ജനപങ്കാളിത്തംകൊണ്ട് അടുത്ത സമയത്ത് നടന്ന യോഗങ്ങളിൽ ഏറ്റവും വലിയ സമ്മേളനമായിരുന്നു. ഭദ്രാസനത്തിലെ വൈദികരുടെ കൂട്ടായ ഉത്സാഹത്താലാണ് അത്രയും ആളുകൾ പങ്കെടുത്തത്. പ്രസ്തുത സമ്മേളനം വൻ വിജയകരമാക്കിയ എല്ലാ വൈദികരെയും അനുമോദിക്കുന്നു.

**ധ്യാനയോഗങ്ങൾ**

മൂന്നു നോമ്പിലും വലിയ നോമ്പിലും യൽദോനോമ്പിലും വൈദിക ധ്യാനയോഗങ്ങൾ നടത്തുകയുണ്ടായി. മൂന്നുനോമ്പിൽ പാമ്പാക്കുട സമന്വയ സ്റ്റഡി സെന്ററിൽ നടന്ന ധ്യാനയോഗത്തിൽ റവ. ഫാ. ഏലിയാസ് കുറ്റിപറച്ചേൽ ആമുഖ സന്ദേശവും അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത മുഖ്യസന്ദേശവും റവ. ഫാ. എബ്രഹാം കാരാമ്മേൽ സമാപന സന്ദേശവും നൽകി. വലിയ നോമ്പിൽ സമന്വയിൽ നടന്ന ധ്യാനയോഗത്തിൽ കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രൻസിപ്പാൾ റവ. ഫാ. ഡോ. ജേക്കബ് കുര്യൻ നേതൃത്വം നൽകി. ജനനപ്പെരുന്നാളിനോട് അനുബന്ധിച്ച്

കൂത്താട്ടുകുളം മിസ്പാ സെന്ററിൽ നടന്ന ധ്യാനയോഗത്തിൽ കോട്ടയം വൈദിക സെമിനാരി പുതിയ നിയമം അദ്ധ്യാപകനും കേരള കൗൺസിൽ ഓഫ് ചർച്ചസ് സെക്രട്ടറിയുമായ റവ. ഫാ. ഡോ. റെജി മാത്യു നേതൃത്വം നൽകി. വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി ആദിത്യമരുളിയ യോഗത്തിൽ വൈദികർക്ക് ക്രിസ്തുമസ്, പുതുവത്സര ഉപഹാരങ്ങൾ സമർപ്പിക്കുകയുണ്ടായി. യോഗങ്ങളിലെല്ലാം ക്രമമായി വന്ന് സംബന്ധിച്ച എല്ലാ വൈദികരെയും നന്ദിപൂർവ്വം ഓർക്കുന്നു. ധ്യാനയോഗങ്ങൾ കൂടാതെ ഓരോ മാസവും ക്രമമായി വൈദികസമ്മേളനം കൂടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നു. ബഹുമാനപ്പെട്ട വൈദികരുടെ സാന്നിദ്ധ്യത്തിനും വിലപ്പെട്ട നിർദ്ദേശങ്ങൾക്കും പ്രാർത്ഥനക്കും ഒരായിരം നന്ദി രേഖപ്പെടുത്തുന്നു.

**വി. കുർബ്ബാന വീഞ്ഞ് ഉൽപാദന കേന്ദ്രം**

ഭദ്രാസന വൈദിക സംഘത്തിന്റെ നേതൃത്വത്തിലുള്ള വി. കുർബ്ബാന വീഞ്ഞ് ഉൽപാദന കേന്ദ്രം നവീകരിച്ച് കാര്യക്ഷമമായി നടക്കുന്നു. ഇതിൽ നിന്നുള്ള വരുമാനത്തിന്റെ ഒരു ഭാഗം വൈദിക ശമ്പളവിഹിതമായും വൈദികരുടെ മക്കളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പിനുമായി വിനിയോഗിക്കുന്നു. വൈദികയോഗ തീരുമാനപ്രകാരം ഇനി മുതൽ പ്രതിമാസം 25000/- രൂപ വൈദിക ശമ്പള പദ്ധതി വിഹിതമായും വൈദികരുടെ മക്കളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് ഓരോരുത്തർക്കും പ്രതിവർഷം 5000/- രൂപ വീതവും നൽകുന്നതാണ്. വൈനറിയുടെ പ്രവർത്തനങ്ങൾക്ക് സമർത്ഥമായ നേതൃത്വം നൽകുന്ന ബഹു. പുറ്റാനിൽ ജോൺസൺ അച്ചനോട് വൈദിക സംഘത്തിന്റെ നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

**ഭദ്രാസന പുസ്തകശാല**

വൈദിക സംഘത്തിന്റെയും ഭദ്രാസന മർത്തമറിയം സമാജത്തിന്റെയും കൂട്ടായ സംരംഭമാണ് ഭദ്രാസന ബുക്ക് ഡിപ്പോ. സഭാപരമായ ആരാധനാ പുസ്തകങ്ങളും മറ്റ് പ്രസദ്ധീകരണങ്ങളും പള്ളി ഉപകരണങ്ങളും തിരുവസ്ത്രങ്ങളും മറ്റും മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ഒരു വിതരണ കേന്ദ്രമാണിത്. ഇപ്പോൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന ബുക്ക് സെന്ററിൽ നിന്നും പ്രതിമാസം ഗണ്യമായ ഒരു തുക വൈദിക ശമ്പള പദ്ധതിയിലേക്ക് അടയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ബഹു. ഏലിയാസ് ചെറുകാട്ട് അച്ചന്റെ നേതൃത്വത്തിൽ ബുക്ക് ഷോപ്പിന്റെ പ്രവർത്തനം വളരെ ഭംഗിയായി പുരോഗമിക്കുന്നു. അച്ചനോടും സഹപ്രവർത്തകരോടും വൈദിക സംഘത്തിനുള്ള അകമഴിഞ്ഞ കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

**വിദ്യാഭ്യാസ സ്കോളർഷിപ്പ്**

വൈദിക സംഘത്തിലെ അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന്

സഹായമാകും വിധം കുർബ്ബാന വീണ്ട് ഉൽപാദനകേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതം വർഷം തോറും മാറ്റിവയ്ക്കുന്നുണ്ട്. അടുത്ത അദ്ധ്യായനവർഷം മുതൽ നിലവിൽ 3000/- രൂപ ആയിരുന്നത് 5000/- രൂപ ആക്കി വർദ്ധിപ്പിക്കുവൻ വൈദിക കമ്മറ്റി തീരുമാനിച്ച വിവരം സന്തോഷത്തോടെ അറിയിക്കുന്നു. അടുത്ത മെയ് മാസത്തിൽ തുക വിതരണം ചെയ്യുന്നതാണ്.

**കോടതി വിധികൾ**

ഭദ്രാസനത്തിലെ മിക്ക ദേവാലയങ്ങളിലും വ്യവഹാരങ്ങൾ നടക്കുന്നുണ്ട്. 1995 ലെ ബഹു. സുപ്രീം കോടതി വിധിക്ക് അനുസൃതമായ വിധികൾ ഇതിനകം പല പള്ളികളിലും ഉണ്ടായിക്കഴിഞ്ഞു. എന്നാൽ അവ നടപ്പാക്കുവാൻ വേണ്ടുന്ന സഹായക നിലപാടുകൾ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്നില്ല. ഭദ്രാസനത്തിലെ വൈദിക സംഘാംഗങ്ങൾ എല്ലാവരും തന്നെ ഈ വ്യവഹാരങ്ങളിൽ കക്ഷികളാണ്. തങ്ങളുടെ വേദനകളിലും യാതനകളിലും ചില പ്രതീക്ഷകൾ നൽകുന്നവയാണ് കോടതി വിധികൾ. മണ്ണത്തൂർ സെന്റ് ജോർജ്ജ്, വരിക്കോലി സെന്റ് മേരീസ്, കുറിഞ്ഞി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് എന്നീ ദേവാലയങ്ങൾക്ക് ഈയിടെ ഉണ്ടായ കോടതി വിധികൾ മലങ്കര സഭയ്ക്ക് ലഭിച്ച അംഗീകാരവും ആധികാരിക രേഖയുമാണ്. ഇതിനുവേണ്ടി അക്ഷീണം പ്രയത്നിച്ച വൈദികസഹോദരങ്ങളെ സ്നേഹത്തോടെ അനുമോദിക്കുന്നു.അവരുടെ തുടർ നടപടികൾക്ക് എല്ലാ പിന്തുണയും നൽകുന്നു.

**വൈദിക ശമ്പള പദ്ധതി**

ഭദ്രാസനത്തിലെ മിക്ക പള്ളികളും തർക്കവും വ്യവഹാരവും ഉള്ളവ ആകയാൽ ശമ്പള പദ്ധതിയിലേക്ക് യഥായോഗ്യം വിഹിതം സമാഹരിക്കുവാൻ കഴിയുന്നില്ല. ഈ സാമ്പത്തിക വർഷം മുതൽ വൈദിക ശമ്പളം പരിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ പരി. കാതോലിക്കാ ബാവ കൽപിച്ചിട്ടുണ്ട്. കാര്യമായ സാമ്പത്തിക സഹായം സഭാകേന്ദ്രത്തിൽ നിന്നും ലഭിക്കാതെ അത് നടപ്പാക്കുവാൻ സാധിക്കുകയില്ല. സാദ്ധ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പുതുക്കിയ ശമ്പളം താമസിക്കാതെ വിതരണം ചെയ്തു തുടങ്ങുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പുതിയ സ്ഥാന ലബ്ദി**

യൗഫ്ദ് യൊക്കിനോ സ്ഥാനം ലഭിച്ച കത്തിപ്പാറത്തടം സെന്റ് ജോർജ്ജ് പള്ളി ഇടവകാംഗം പഴമ്പിള്ളിൽ എബി ശെമ്മാശനെ വൈദിക യോഗം അനുമോദിക്കുന്നു. ശെമ്മാശന്റെ വിവാഹത്തിന് വൈദിക സംഘ അംഗങ്ങൾ സംബന്ധിച്ചു ഉപഹാരം നൽകി. ശെമ്മാശന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഭാവുകങ്ങൾ നേരുന്നു.

ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ പരീക്ഷാ കൺട്രോളറായി സ്ഥാനം ലഭിച്ച ബഹു. ഏലിയാസ് കുറ്റിപറിച്ചേൽ അച്ചന് അഭിനന്ദനങ്ങൾ നേരുന്നു.

**അനുശോചനം**

ഭദ്രാസനത്തിലെ സീനിയർ വൈദികനായിരുന്ന മണ്ണാത്തിക്കുളത്തിൽ ദിവ്യശ്രീ ജോൺ കോർഎപ്പിസ്ക്കോപ്പയുടെ ദേഹവിയോഗത്തിലും ഓർത്തോഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ സ്ഥാപക ഡയറക്ടർ ആയിരുന്ന കോതമംഗലം മാരങ്ങാട്ട് എം. വി. പൗലോസ് കാശ്ശീശായുടെ ദേഹവിയോഗത്തിലും ഭദ്രാസനത്തിലെ വൈദിക സംഘത്തിന്റെ അനുശോചനവും പ്രാർത്ഥനയും രേഖപ്പെടുത്തുന്നു. വടക്കൻ പ്രദേശത്ത് മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് നേതൃത്വം നൽകിയ മുളന്തുരുത്തി എടപ്പങ്ങാട്ടിൽ കെ. ജെ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പായുടെ നിര്യാണത്തിലും കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ പെരുവ വെട്ടുകാട്ടിൽ (മുട്ടപ്പിള്ളിൽ) സൈമൺ കശ്ശീശായുടെ വേർപാടിലും ഉള്ള വൈദിക സംഘത്തിന്റെ അനുശോചനം രേഖപ്പെടുക്കുന്നു. കത്തിപ്പാറത്തടം സെന്റ് ജോർജ്ജ് ഇടവകാംഗവും ബഹു. എബി ശെമ്മാശന്റെ പിതാവുമായ പഴമ്പിള്ളിൽ ശ്രീ. പൗലോസിന്റെ നിര്യാണത്തിൽ അനുശോചിക്കുന്നു.

**ഉപസംഹാരം**

''വൈദികരായ നാം ആത്മാക്കളുടെ കൃഷിക്കാരാകുന്നു. നാം നിലം ഉഴുന്നു, വിളവ് നാമല്ല ഉണ്ടാക്കുന്നത്'' ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ. നിലം ഉഴാൻ തന്ന ദൈവകൃപക്കായി സ്തോത്രം. കലപ്പമേൽ കൈവയ്ക്കുവാൻ ശീലിപ്പിച്ച ഗുരുക്കന്മാർക്ക് വന്ദനം. പിറകോട്ട് നോക്കുവാൻ പ്രേരിപ്പിക്കാത്ത പരി. ആത്മാവേ ഞങ്ങളെ നയിക്കേണമേ.

ഭദ്രാസനത്തിലെ വൈദികരെ ഒരു കുടുംബമായി കണ്ട് സ്നേഹവാത്സല്യങ്ങൾ ചൊരിയുന്ന അഭിവന്ദ്യ പിതാവായ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയോടും വൈദിക സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന ബഹു. എബ്രഹാം കാരാമ്മേൽ അച്ചനോടും മാനേജർ ബഹു. മേരിദാസ് സ്റ്റീഫൻ അച്ചനോടും വിശിഷ്യ വൈദികസംഘത്തിലെ എല്ലാ അംഗങ്ങളോടും നിസ്സീമമായ നന്ദി അറിയിക്കുന്നു. വൈദികസംഘത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഗുണപരമാക്കുവാൻ, കൂടുതൽ കൃപയും ശക്തിയും ഉയരങ്ങളിൽ നിന്ന് ലഭിക്കുവാൻ പ്രാർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

എന്ന്,

സെക്രട്ടറി

**ഫാ. ജോൺ വി. ജോൺ വടക്കേമുട്ടപ്പിള്ളിൽ**

| KANDANAD EAST DIOCESE VAIDIKASANGHAM ACCOUNTS | | | | | |
|---|---|---|---|---|---|
| RECEIPTS AND PAYMENTS FOR THE PERIOD FROM 16.12.2014 TO 31.08.2015 | | | | | |
| **RECEIPTS** | **AMOUNT** | | **PAYMENTS** | **AMOUNT** | |
| Monthly Subscription | 14900 | 00 | Retreat | 11570 | 00 |
| Interest Received | 37 | 00 | Cake | 3500 | 00 |
| Donations | 11450 | 00 | Diary, Pens | 4500 | 00 |
| Advance-Fr. John V. John | 3500 | 00 | Present to Dn. Abi | 5000 | 00 |
| Loan - Fr. Benoy | 700 | 00 | Wreath | 850 | 00 |
| | | | Loan Refund | 4200 | 00 |
| Total | 30587 | 00 | (Fr. Benoy 700 & Fr. John V. John) | | |
| Opening Balance | | | Total | 29620 | 00 |
| Cash | 52 | 00 | | | |
| Bank | 92 | 00 | Closing Balance | | |
| | | | Cach in hand | 52 | 00 |
| | | | Cash in Bank | 1059 | 00 |
| **Grand Total** | **30731** | **00** | **Grand Total** | **30731** | **00** |

Sd/-
**Fr. John V. John**
Secretary

## സഭാ മാനവശാക്തീകരണ വിഭാഗം
## (Ministry of Human Empowerment)

സമൂഹത്തിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഭാ വിശ്വാസികളെ ഒരുമിപ്പിച്ച് അവരുടെ കഴിവുകളും വിഭവശേഷിയും സഭയുടെ പൊതുവായ വളർച്ചയ്ക്ക് ഉപയുക്തമാക്കുകയും ചെയ്യുന്ന വിഭാഗമെന്ന നിലയിൽ സഭാ മാനവശാക്തീകരണ വകുപ്പ് ഭദ്രാസനതലത്തിലും ശ്രദ്ധേയമായ കാൽവപ്പുകൾ നടത്തിക്കഴിഞ്ഞു. സഭാതലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഭദ്രാസനം വളരെ ചിട്ടയോടെ വിവിധ ഇടവകകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കിയ വർഷമായിരുന്നു കടന്നുപോയത്.

**അവർ ഒന്നാകുന്നു (They are One)**

കുടുംബ ജീവിതത്തിന്റെ പവിത്രതയും അന്തസ്സും ദാമ്പത്യബന്ധത്തിന്റെ ദൃഢതയും ആവർത്തിച്ചുറപ്പിക്കുന്ന ക്ലാസ്സുകളും ചർച്ചകളും ബോധവത്കരണ പരിപാടികളുമാണ് ഈ കർമ്മപദ്ധതി വഴി നടപ്പിലാക്കിയത്. അനുദിനം വർദ്ധിച്ചുവരുന്ന വിവാഹമോചനകേസ്സുകളും കുടുംബബന്ധങ്ങളിലെ മൂല്യത്തകർച്ചയും ചുറ്റുപാടുമെന്നപോലെ സഭയിലും ബാധിച്ചുതുടങ്ങി. ഇതിനെ പ്രതിരോധിക്കുവാനും ആരോഗ്യകരമായ കുടുംബജീവിതത്തിന് ദമ്പതികളെ ഒരുക്കുകയുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ഭദ്രാസനതല ഉദ്ഘാടനം 2014 ഓഗസ്റ്റ് 9 ശനിയാഴ്ച ഊരമന സെന്റ് ജോർജ്ജ് താബോർ പള്ളിയിൽ വച്ചു നടത്തി. ഭദ്രാസന മെത്രാപ്പോലീത്തായും സഭാ മാനവശാക്തീകരണ വിഭാഗം പ്രസിഡന്റുമായ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത, റവ. ഫാ. എബ്രഹാം കാരാമ്മേൽ, റവ. ഫാ. ഗീവർഗ്ഗീസ് ജോൺ വള്ളിക്കാട്ടിൽ, ഡോ. എം. പി. മത്തായി, ഡോ. സെൽവി സേവ്യർ, ശ്രീമതി ലിസ്സി ഏലിയാസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

കൂത്താട്ടുകുളം മേഖലയുടെ ആഭിമുഖ്യത്തിൽ മിസ്പ മാർത്തോമൻ പൈതൃക കേന്ദ്രത്തിൽ വച്ചു ഒക്ടോബർ 12 ഞായറാഴ്ച ഉച്ചകഴിഞ്ഞു നടത്തിയ കുടുംബസംഗമത്തിൽ ഡോ. ഗ്രേസ്‌ലാൽ ക്ലാസ്സ് നയിച്ചു. കൂടാതെ കണ്യാട്ടുനിരപ്പ് സെന്റ് ജോൺസ്, പാലക്കുഴ സെന്റ് ജോൺസ്, പാങ്കോട് സെന്റ് ജോൺസ്, പെരിയാമ്പ്ര സെന്റ് ജോർജ്ജ്, മൂവാറ്റുപുഴ സെന്റ് തോമസ്, ഇടുക്കി സെന്റ് മേരീസ്, സുഖദ സെന്റ് മേരീസ് എന്നീ ദേവാലയങ്ങൾ കേന്ദ്രീകരിച്ചും ക്ലാസ്സുകളും ദമ്പതിധ്യാനവും നടത്തപ്പെട്ടു.

**ഐക്കൺ എക്സലൻസ് അവാർഡ്**

പഠനത്തിൽ സമർത്ഥരും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് നൽകുന്ന സഹായമാണിത്. റിപ്പോർട്ടു വർഷത്തിൽ ഊരമന താബോർ സെന്റ്ജോർജ്ജ്, ഇടുക്കി സെൻര് മേരീസ്, തൊടുപുഴ സെന്റ് മേരീസ്, ഞാറക്കാട് സെന്റ് ജോൺസ്, ഗിലയാദ് സെന്റ് പോൾസ്, പെരിയാമ്പ്ര സെന്റ് ജോർജ്ജജ്, പാലക്കുഴ സെന്റ് ജോൺസ് എന്നീ പള്ളികളിൽ നിന്നും അർഹരായ ഓരോ വിദ്യാർത്ഥിക്കും ഐക്കൺ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

**കർമ്മപരിപാടികൾ**

വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഭാംഗങ്ങളെ ഈ പ്രസ്ഥാനവുമായി സഹകരിപ്പിക്കുക എന്നത് ഒരു പ്രധാന ദൗത്യമാണ്. സഭാതലത്തിൽ ഈ വർഷത്തെ പുതിയ പദ്ധതി മാധ്യമസാക്ഷരത (നേർവഴി) യെ കുറിച്ചാണ്. കൂടാതെ ഭദ്രാസനത്തിൽ പ്രൊഫഷണൽ രംഗത്തു പ്രവർത്തിക്കുന്ന മെഡിക്കൽ-പാരാമെഡിക്കൽ, നേഴ്സിംഗ്, എഞ്ചിനീയേഴ്സ്, അധ്യാപകർ, അഭിഭാഷകർ, ബിസിനസ്സ് രംഗത്തു പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളവർ എന്നിവരുടെ സംഗമം നടത്തുവാനുള്ള ക്രമീകരണങ്ങൾ ഞങ്ങൾ ചെയ്തു തുടങ്ങി.

ഈ അവസരത്തിൽ സഭാ മാനവശാക്തീകരണ വിഭാഗത്തിന് വ്യക്തവും ശക്തവുമായ നേതൃത്വം നൽകിവരുന്ന അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായോടുള്ള പ്രസ്ഥാനത്തിന്റെ നന്ദിയും ഭക്ത്യാദരവുകളും സമർപ്പിക്കുന്നു. കൂടാതെ കമ്മറ്റി അംഗങ്ങളായി

പ്രവർത്തിച്ചുവരുന്ന ഫാ. എബ്രഹാം കാരാമ്മേൽ, ശ്രീ. ജയിംസ് ആനിപ്ര, ശ്രീ. ജോർജ്ജ് മുണ്ടപ്ലാക്കിൽ, ഡോ. സെൽവി സേവ്യർ, ശ്രീമതി ജിജി ജോൺസൺ, ശ്രീമതി മിനി ജോസഫ്, ശ്രീമതി ഷൈനി അബി എന്നിവരോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു. സഭാ മാനവശാക്തീകരണ വിഭാഗം ഡപ്യൂട്ടി സെക്രട്ടറി ഫാ. പി. എ. ഫിലിപ്പ് നൽകി വരുന്നനല്ലനേതൃത്വത്തിനും കരുതലിനും പ്രത്യേകം നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

കർത്തൃശുശ്രൂഷയിൽ,

**ഫാ. ഗീവർഗ്ഗീസ് പതപ്പിള്ളിൽ**
വൈസ് പ്രസിഡന്റ്

## അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷകസംഘം (AMOSS)

## കണ്ടനാട് ഈസ്റ്റ് ഭദ്രാസനം - റിപ്പോർട്ട്

ദൈവാലയ ശുശ്രൂഷകർക്ക് ക്രമീകൃതമായ പരിശീലനവും തങ്ങളുടെ ചുമതലകളെപ്പറ്റിയുള്ള അവബോധവും നൽകി ആരാധനകൾ ബഹുമാനപ്പെട്ട വൈദികരോടൊപ്പം മനോഹരവും അച്ചടക്കവുമുള്ളതാക്കുവാനുള്ള വേദിയൊരുക്കലാണ് ശുശ്രൂഷകസംഘത്തിനുള്ളത്. സഭാ തലത്തിൽ നടത്തുന്ന വിവിധ ക്ലാസ്സുകളും ധ്യാനങ്ങളും ശുശ്രൂഷകരെ തങ്ങളുടെ സ്വത്വബോധം തിരിച്ചറിയുവാൻ സഹായിച്ചിട്ടുണ്ട്.

സഭാ തലത്തിൽ പരുമല സെമിനാരിയിൽ മെയ് മാസത്തിൽ നടത്തിയ ത്രിദിന ക്യാമ്പിലും നവംബർ മാസത്തിൽ പ്രധാന ശുശ്രൂഷകർക്കായി പുതുപ്പള്ളി സെന്റ് ജോർജ്ജ് വലിയ പള്ളിയിലും വച്ച് നടത്തിയ ഏകദിന സമ്മേളനത്തിലും ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ നിന്നുള്ള അൾത്താര ബാലകരും പ്രധാനശുശ്രൂഷകരും പങ്കെടുത്തിട്ടുണ്ട്.

ഭദ്രാസന തലത്തിൽ വലിയ നോമ്പുകാലത്ത് ഫെബ്രുവരി 17 ന് പാമ്പാക്കുട സമന്വയയിൽ ഏകദിന ധ്യാനയോഗം നടത്തി. അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി യോഗം ഉദ്ഘാടനം ചെയ്യുകയും വി. കുർബ്ബാനയെപ്പറ്റി ക്ലാസ്സ് നയിക്കുകയും ചെയ്തു. രാവിലെ നടന്ന ധ്യാനം റവ. ഫാ. ബിനോയി ജോൺ നയിച്ചു. വിവിധ ക്ലാസ്സുകൾക്ക് റവ. ഫാ. മേരീദാസ് സ്റ്റീഫനും, റവ. ഫാ. എബ്രഹാം കാരാമ്മേലും വിവിധ മത്സരപരിപാടികൾക്ക് റവ. ഫാ. ഏലിയാസ് മണ്ണാത്തിക്കുളം, റവ. ഫാ. ഡീക്കൻ എബി പൗലോസ്, ശ്രീ. കെ. പി. ബിജു എന്നിവരും നേതൃത്വം നൽകി. തുടർന്ന് വിജയികൾക്ക് സമ്മാനവും നൽകി.

**കർമ്മപരിപാടികൾ**

സഭയുടെ വൈദിക-അവൈദിക നേതൃത്വത്തിലേക്ക് താത്പര്യവും സമർപ്പണവുമുള്ള യുവാക്കളെ ഇടവകകളിൽ നിന്നും കണ്ടെത്തി അവരെ അതിനായി ഒരുക്കുക എന്നത് ഈ പ്രസ്ഥാനം മുന്നോട്ടു വയ്ക്കുന്ന പ്രധാന താത്പര്യമാണ്. ഇത് ഒരു തുടർപദ്ധതിയാണ്. അതിനുള്ള പ്രവർത്തനങ്ങൾ ഭദ്രാസനതലത്തിൽ ആരംഭിച്ചു കഴിഞ്ഞു. വലിയ ഇടവകകളിൽ പോലും തുച്ഛമായ വേതനം മാത്രം നൽകി പോരുന്ന പ്രവണത തിരുത്തി മാന്യ മായ വേതനം നൽകി അവരെ അന്തസ്സോടും അഭിമാനത്തോടുംകൂടി ശ്രേഷ്ഠമായ ഈ ശുശ്രൂഷ തുടരുവാനുള്ള പിന്തുണയും പ്രോത്സാഹനവും ഈ പ്രസ്ഥാനം മുന്നോട്ടുവയ്ക്കുന്നു.

ശുശ്രൂഷാരംഗത്തേക്കു കടന്നുവരുന്ന യുവസുഹൃത്തുക്കൾക്ക് ഭദ്രാ സനാടിസ്ഥാനത്തിൽ ആവശ്യമായ പരിശീലനം നൽകുക എന്നതും ശുശ്രൂ ഷക സംഘത്തിന്റെ മറ്റൊരു താത്പര്യമാണ്.

ഈ പ്രസ്ഥാനത്തെ വളർത്തുന്ന സർവ്വേശ്വരനെ സ്തുതിച്ചുകൊണ്ടും വേണ്ട നിർദ്ദേശങ്ങൾ നൽകി ഇതിനെ നയിക്കുന്ന അഭിവന്ദ്യ ഇടവക മെത്രാ പ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയോടും ശുശ്രൂഷകസംഘത്തെ കരുതുന്ന എല്ലാ വൈദികരോടും സെക്രട്ടറി ശ്രീ. കെ. പി. ബിജുവിനോടും കമ്മറ്റി അംഗങ്ങളായ ശ്രീ. അബ്രഹാം, ശ്രീ. ജോയി കുരിശിങ്കൽ, ശ്രീ. വർഗ്ഗീസ് എന്നിവരോടുമുള്ള നന്ദിയും ആദരവുകളും രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

കർത്തൃശുശ്രൂഷയിൽ,

**ഫാ. ഗീവർഗ്ഗീസ് പതപ്പിള്ളിൽ**

# കണ്ടനാട് ഈസ്റ്റ് യുവജന പ്രസ്ഥാനം

## വാർഷിക റിപ്പോർട്ട് 2014-2015

**ആമുഖം**

ത്രിയേക ദൈവത്തിനു സ്തുതി,

കണ്ടനാട് ഈസ്റ്റ് യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നടന്നുവരുന്നു. ആയതിലേക്ക് സഹകരിച്ച എല്ലാ ഇട വക വികാരിമാർക്കും അച്ചന്മാർക്കും ഇടവക യൂണിറ്റ് പ്രതിനിധികൾക്കും ആദ്യംതന്നെ ഭദ്രാസന കമ്മറ്റിയുടെ പേരിൽ നന്ദി പറയുന്നു.

കഴിഞ്ഞ 2014-2015 വർഷം നല്ല രീതിയിൽ ഭദ്രാസനതല പ്രവർത്ത നങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടുള്ളതാണ്. ഭദ്രാസനത്തിലെ മിക്ക പള്ളിക ളിലും ഇടവക യൂണിറ്റുകൾ തുടങ്ങി 2014-2015 വഷം ഭദ്രാസന കമ്മറ്റിയുടെ നേതൃത്വത്തിൽ മൂന്നു മേഖലായോഗങ്ങൾ നടത്തുവാൻ കഴിഞ്ഞു. കൂത്താ

